## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2750.** **12.10.2011-ൽ മറുപടിക്ക്**

### ബാലവേല തടയുന്നതിന് നിയമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. രാധാകൃഷ്ണൻ** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) ബാലവേല തടയുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമ പ്രകാരം 14 വയസ്സു വരെയുള്ള കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് തടയാനും നിയന്ത്രിക്കാനും തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. അനുവദനീയമായ സാധാരണ പരിശോധനകൾക്ക് പുറമെ എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും, ബാലവേലക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു. എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ബാലവേല തടയുന്നതിനുവേണ്ടി നിലവിലുള്ള നിയമങ്ങൾ ബന്ധപ്പെട്ടവർ കാര്യക്ഷമമായി നടപ്പിലാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സാമൂഹ്യതിന്മയ്ക്കെതിരായ നിയമങ്ങൾ വീഴ്ച കൂടാതെ നടപ്പിലാക്കുന്നതിന് ജനകീയ സമിതികൾക്കു കൂടി പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കുമോ? | (സി) ജില്ലാതല ടാസ്ക് ഫോഴ്സിൽ ഇപ്പോൾ തന്നെ എൻ.ജി.ഒ-കളുടെ സജീവമായ പങ്കാളിത്തം ഉണ്ട്. |

സെക്ഷൻ ഓഫീസർ